പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3187

15.02.2013-ൽ മറുപടിയ്ക്ക്

## വെറ്റിലപ്പാറ പാലത്തിലേക്കുള്ള ലിങ്ക് റോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ വെള്ളപ്പാറയിൽ നിന്നും വെറ്റിലപ്പാറ പാലത്തിലേക്കുള്ള ലിങ്ക് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി വനം വകുപ്പിൽ നിന്നും പി.ഡബ്ള്യൂ.ഡിയ്ക്ക് വിട്ടുകിട്ടുന്നതിനായി യൂസർ ഏജൻസി എന്ന നിലയിൽ പി.ഡബ്ള്യൂ.ഡി 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് സെക്ഷൻ (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (എ) & (ബി) മൂക്കന്നൂർ ഏഴാറ്റുമുഖം കട്ടിംഗിൽ നിന്നും ആരംഭിക്കുന്ന വെള്ളപ്പാറ റോഡ് വനം വകുപ്പിന്റെ അധീന തയിലുള്ള ഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. മൂന്ന് വർഷം മുമ്പ് റോഡ് നിർമ്മിക്കുന്നതിനായി വനം വകുപ്പിൽ നിന്നും ആവശ്യമായ സ്ഥലം വിട്ടു നൽകണമെന്നുള്ള അപേക്ഷ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരുന്നു. എന്നാൽ 20.12.2011 ൽ പി.ഡബ്ള്യൂ.ഡി. ഉദ്യോഗസ്ഥരും അതിരപ്പള്ളി ഫോറസ്റ്റ് റേഞ്ച് ഓഫീസറും സംയുക്തമായി നടത്തിയ പരിശോധനയിൽ ടി റോഡ് നിർമ്മിക്കുകയാണെങ്കിൽ വെള്ളാപ്പാറയിൽ പുതിയ ചെക്ക് പോസ്റ്റ് വേണ്ടി വരുമെന്നും വന സംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്നും ഫോറസ്റ്റ് അധികൃതർ അഭിപ്രായപ്പെട്ടു. വീണ്ടും ഒരു പ്രൊപ്പോസൽ കൂടി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ